COCHIN LEGISLATIVE ASSEMBLY PROCEEDINGS

OFFICIAL REPORT OF THE VRISCHIGAM MEETING, 1124

Friday, *the* *10th December 1948* / *25th Vrischigam 1124*

The Assembly met in the Assembly Hall, Ernakulam, at 3 p.m. with the Hon'ble President (Mr. L. M. Pylee M.A., B.L.,) in the Ghair.

Rao Bahadur T. K. Nayar, Dr. C. L. Joseph and Messrs. K. Balakrishna Menon, K. W. Muralidhara Marar, K. C. Mayankutty Mather, C. C. Prasad, T. K. Kunjayyappan, M. K. Menon, V. K. Achutha Menon, Gasper D'Silva, K. T. Achuthan, K. H. Sulaiman and K. I. Velayudhan were absent.

1. SWEARING IN SPECIALLY NOMINATED MEMBERS

Messrs K. P. Rao, P. C. Varkey, C. Sankara Menon and Chowwara Parameswaran were sworn in.

2. QUESTIONS AND ANSWERS

(N. B.—The numbers in ordinary thin type represent the numbers in the order of receipt of notice.)

BROKEN RICE—LOWERING OF COST—REQUEST FOR

163. (122) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ എഴുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) പൊടിയരി ചോറാറി വെടിപ്പു വരുത്തിയതിനുശേഷം വിതരണംചെയ്യുകയോ അല്ലെങ്കിൽ അതിന്റെ വില കുറക്കുകയോ ചെയ്യണമെന്നു ഗവൺമെണ്ടിനും ഡയറക്ടർക്കും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) അക്കാര്യത്തിൽ എന്തു ചെയ്തു?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉവ്വ്.

(ബി) വില കുറയ്ക്കുവാൻ നിവൃത്തിയില്ല. പൊടിയരി വേണ്ടപോലെ വെടിപ്പാക്കിയതിനുശേഷമാണ് വിതരണം ചെയ്യുന്നതു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: എന്നുമുതൽക്കാണ് പൊടിയരി വെടിപ്പാക്കി വിതരണം തുടങ്ങിയതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇപ്പോഠം വെടിപ്പാക്കീട്ടാണ് കൊടുക്കുന്നതു്. എന്നുതിയതി മുതല്ക്കാണെന്നു പറയണമെങ്കിൽ നോട്ടീസ് വേണം.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: വേണ്ടപോലെ വിതരണം ചെയ്യുന്നില്ലെങ്കിൽ അക്കാര്യത്തിൽ ഗവൺമെണ്ടിന്റെ ശ്രദ്ധ പതിയുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അങ്ങിനെ ഏതെങ്കിലും ഒരു സ്ഥലത്തെ കാര്യം ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുകയാണെങ്കിൽ അതിനെപറ്റി അന്വേഷിക്കാം.

മിസ്റ്റർ ടി. പി. സീതാരാമൻ: അങ്ങിനെ ഏതെങ്കിലും ആക്ഷേപം കിട്ടീട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അങ്ങിനെയുള്ളതായി അറിയുന്നില്ല.

മിസ്റ്റർ കെ. കെ. കൊച്ചുകുട്ടൻ: പ്രജാമണ്ഡലം കൂട്ടമന്ത്രിസഭയായിരുന്ന കാലത്തു പൊടിയരിയുടേയും, നെടിയരിയുടേയും വില ഒന്നായിരുന്നുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സംഗതിവശാൽ ഒരു സന്ദർഭത്തിൽ പൊടിയരിയുടെ വിലകുറച്ചു വില്ക്കുകയുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അതുമാതിരി ഇന്ന നെടിയരിയുടേതിനേക്കാൾ പൊടിയരിയുടെ വില കുറച്ചു വില്ക്കാൻ സാധിക്കുകയില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇന്ന അങ്ങിനെ ചെയ്യാൻ നിവൃത്തിയില്ല. നമുക്ക് കിട്ടുന്ന പൊടിയരിയുടേയും, നെടിയരിയുടേയും വിലക്ക വലിയ വ്യത്യാസമില്ല. അതു കൊണ്ട് പൊടിയരി വിലകുറച്ചു വിറ്റാൽ വലിയ നഷ്ടം വരുന്നതുകൊണ്ട് ഇപ്പോൾ അങ്ങിനെ ചെയ്യുവാൻ നിവൃത്തിയില്ല.

മിസ്റ്റർ സി. യു. നാരായണൻ: പൊടിയരി ഇതിലും നന്നാക്കാൻ സാധിക്കുകയില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു ഒരു കംപാരറ്റീവ് ടേം (Comparative term) ആണ്. ഇപ്പോൾ നന്നാക്കിത്തന്നെയാണ് വിതരണം ചെയ്യുന്നതു്.

മിസ്റ്റർ ടി. പി. സീതാരാമൻ: പൊടിയരിയും, നെടിയരിയും എന്തുതോതിലാണ് വിതരണം ചെയ്യുന്നതെന്നറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നെടിയരിയുടെ എട്ടിൽ ഒരു ഭാഗാണ് ഇപ്പോൾ പൊടിയരി കൊടുക്കുന്നതു്. അതായതു ആഴ്ചകാർഡുകാക്ക ആഴ്ചയിൽ ഒരു ദിവസത്തേയ്ക്ക പൊടിയരിയാണ്.

മിസ്റ്റർ ടി. പി. സീതാരാമൻ: എല്ലാ താലൂക്കിലും അങ്ങിനെയാണോ കൊടുക്കുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ചിറ്റൂർ താലൂക്കിലൊഴികെ മറ്റെല്ലാ താലൂക്കിലും ഒരേ തോതിലാണ് കൊടുക്കുന്നതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: നമുക്ക് നെടിയരി കിട്ടണമെങ്കിൽ പൊടിയരിയും വാങ്ങിക്കണമെന്നു് നിബ്ബന്ധമുള്ളതുകൊണ്ടല്ലേ ഈ പരാതിക്കിടവരുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അരിവാങ്ങുന്നകാര്യത്തിൽ ഇന്ത്യാഗവമ്മെണ്ടു തരുന്നതു വാങ്ങുകയേ നിവൃത്തിയുള്ളു. അതു ഭക്ഷണത്തിനു പറ്റിയതല്ലെങ്കിൽ മടക്കിക്കൊടുക്കാമെന്നല്ലാതെ നമുക്ക നെടിയരിയേ വേണ്ട, പൊടിയരി വേണ്ട എന്നു പറയാൻ നിവത്തിയില്ല.

മിസ്റ്റർ സി. യു. നാരായണൻ: ഇപ്പോൾ കിട്ടുന്ന പൊടിയരി ഭക്ഷണത്തിനു യോഗ്യമാണെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ചില രാജ്യങ്ങളിൽ, ഇൻഡൊ ചൈനയിലും മറ്റും അതുരു വിശേഷതരം അരിയായിട്ടാണ് കണക്കാക്കിവരുന്നതു്. അവിടങ്ങളിൽ ആ അരിക്കു കൂടുതൽ വിലയും കൊടുക്കണം. നമുക്ക അതു ശീലമില്ലാത്തതുകൊണ്ടാണ് പറ്റാത്തതായി തോന്നുന്നതു്. അതു ഓരോരുത്തരുടേയും ഹാബിറ്റ് (Habit) അനുസരിച്ചിരിക്കും.

മിസ്റ്റർ ഇട്ടൂര അയ്യക്കൻ: പൊടിയരി എവിടെ നിന്നാണ് വരുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു പക്കിസ്ഥാനിൽ നിന്നാണ്.

മിസ്റ്റർ മുഹമ്മദ് അയൂബ് സേട്ട്: എല്ലാ താലൂക്കുകളിലും പൊടിയരി കൊടുക്കാത്തതുകൊണ്ട് പനിയുള്ള ദിക്കുകളിൽ പൊടിയരി കിട്ടുന്നില്ലെന്ന വല്ലആക്ഷേപവും ഉള്ളതായി അറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആക്ഷേപം ഉള്ളതായി അറിയുന്നില്ല. പനിയുള്ള ദിക്കുകളിലേക്ക് പ്രത്യേകം കൊടുക്കുവാൻ വിരോധമില്ല.

RETIRING OFFICERS IN 1124—LIST FURNISHING OF

164. (83) **Dr. (Mrs.) T. Francis** *(Ernakulam-Women)*: Will Government be pleased to state.—

(*a*) the number of officers who have to retire from their offices in 1124 on account of superannuation;

(*b*) their names and the offices they hold at present?

Mr. P. Govinda Menon *(Minister for Finance and Law)*:

(*a*) 161.

(*b*) A list of officers who have to retire from service in the year 1124 has been published at pages 26—29 of Part I of the Cochin Government Gazette, dated 12th Chingam 1124/ 28th August 1948. A copy of the list is also placed on the Assembly table.

LIBRARY ARCHIVES Kerala Legislative Assembly